കേന്ദ്ര മാനവവിഭവശേഷി വികസന വകുപ്പുമന്ത്രി കപിൽ സിബൽ ചെയർമാനായുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ ഉന്നമനം നിരീക്ഷിക്കാനുള്ള നാഷണൽ മോണിറ്ററിംഗ് കമ്മിറ്റി പുനസംഘടിപ്പിച്ചു.

മാനവവിഭവശേഷി വികസന വകുപ്പ് സഹമന്ത്രിമാരായ ഇ. അഹമ്മദ്, ഡോ.പുരന്തേശ്വരി, കേരളം, പശ്ചിമബംഗാൾ, ആസ്സാം, ബീഹാർ എന്നീ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാർ, ഉത്തർ പ്രദേശ്, രാജസ്ഥാൻ, കർണ്ണാടക, ജമ്മു കാശ്മീർ എന്നീ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സെക്രട്ടറിമാർ, ജാമിഅ മില്ലിയ ഇസ്ലാമിയ, അലീഗഡ് മുസ്ലിം യൂണിവേഴ്സിറ്റി, ഓൾ ഇന്ത്യ ക്രിസ്ത്യൻ അസോസിയേഷൻ ഫോർ ഹയർ എഡ്യുക്കേഷൻ എന്നീ സ്ഥാപനങ്ങളിലെ വൈസ്ചാൻസലർമാർ, ലോക്സഭാംഗങ്ങളായ ഇസ്മായിൽ ഹുസ്സൈൻ, നവ്ജോത് സിംഗ് സിദ്ദു, രാജ്യസഭാംഗങ്ങളായ ഓസ്കാർ ഫെർണാണ്ടസ്, മൊയ്നുൽ ഹസ്സൻ എന്നിവർ അംഗങ്ങളാണ്.

ഇതിനു പുറമേ വിദ്യാഭ്യാസ പ്രവർത്തക പ്രതിനിധികളായി പത്മശ്രീ എസ്.ആർ. കിദ്വായി, അസ്ഗറലി എഞ്ചിനീയർ, പി.എ. ഇനാംദാർ (പൂന), മെഹബൂബുൽ ഹഖ് (ആസ്സാം), മൗലാനാ സയ്യിദ് അഹമ്മദ് ഹിദർശാ (ദിയോബന്ദ്), ഡോ.വൽസൻ തമ്പു (സെന്റ് സ്റ്റീഫൻസ് കോളേജ് പ്രിൻസിപ്പാൾ), മൗലാനാ അർഷദ് മദനി, മൗലാനാ റാബേ ഹസ്സൻ നദ്‌വി, മൗലാനാ വലി റഹ്മാനി, പ്രൊഫ. താഹിർ മഹമൂദ്, ജോൺ ദയാൽ, ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി (ദാറുൽഹുദാ ഇസ്ലാമിക്ക് യൂണിവേഴ്സിറ്റി, ചെമ്മാട്), ടി.പി. അബ്ദുള്ളക്കോയ മദനി (പ്രസിഡന്റ്, കേരളാ നദ്‌വത്തുൽ മുജാഹിദീൻ), ഷഹൽ മുസ്‌ലിയാർ (പ്രസിഡന്റ്, ടി.കെ.എം. കോളേജ് ട്രസ്റ്റ്, കൊല്ലം), സിറാജ് ഹുസ്സൈൻ (ജാമിഅ ഹംദർദ് മുൻ വൈസ് ചാൻസലർ) തുടങ്ങി 58 പേർ കമ്മിറ്റിയിലുണ്ടാവും. ഇതു കൂടാതെ എ.ഐ.സി.ടി.ഇ. ചെയർമാൻ, യു.ജി.സി. ചെയർമാൻ, മാനവ വിഭവശേഷി വികസന വകുപ്പു സെക്രട്ടറിമാർ, വനിതാ ശിശുക്ഷേമ വകുപ്പ് സെക്രട്ടറി, ന്യൂനപക്ഷകാര്യ വകുപ്പ് സെക്രട്ടറി, സാമൂഹ്യനീതി-ക്ഷേമ വകുപ്പ് സെക്രട്ടറി എന്നിവരടക്കം വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടവരും ഔദ്യോഗിക അംഗങ്ങളായിരിക്കും.

ഈ കമ്മിറ്റി ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതികളടക്കം ഇന്ത്യയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളും ചർച്ചചെയ്യുകയും പരിശോധിക്കുകയും ചെയ്യുന്നതാണ്.